## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1459

22.03.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിനിയോഗം

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) നടപ്പു സാമ്പത്തിക വർഷം ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്നറിയിക്കുമോ;<br>(ബി) പ്രസ്തുത തുകയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക എത്രയെന്നറിയിക്കുമോ ;<br>(സി) പ്രസ്തുത തുകയിൽ ഇതേ വരെ വിനിയോഗിച്ച തുക എത്രയാണെന്നറിയിക്കുമോ; | (എ) യും (ബി) യും (സി) യും | 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ ആകെ 12,57,48,000/- രൂപയും പദ്ധതി ഇനത്തിൽ ആകെ 78,72,30,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി തുകയിൽ എം.എസ്.ഡി.പി. പദ്ധതിയ്ക്കായി വകയിരുത്തിയ 76 കോടി രൂപയിൽ 75% (57 കോടി രൂപ) കേന്ദ്രവിഹിതമാണ്. പന്ത്രണ്ടാം പദ്ധതിക്കാലത്ത് എം.എസ്.ഡി.പി. പദ്ധതി ജില്ലാതലത്തിൽ നിന്നും ബ്ലോക്ക്/ടൗൺ തലത്തിലേക്ക് വ്യാപിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയും കേരളത്തിൽ നിന്നും ആദ്യഘട്ടത്തിൽ 4 ബ്ലോക്കുകളും ഒരു ടൗണും തെരഞ്ഞെടുക്കുകയും അതനുസരിച്ച് ഓരോ ബ്ലോക്കിനും 10 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ തയ്യാറാക്കിവരുന്നു. പദ്ധതികൾ കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണ്. ഇതുകൂടാതെ ന്യൂനപക്ഷ വനിതാ ശാക്തീകാരണത്തിനായി സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് 1 കോടി രൂപ അനുവദിക്കുകയും ആയത് ഈ സാമ്പത്തികവർഷത്തിൽ ചെലവഴിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. |
| (ഡി) സംസ്ഥാനത്തെ ഏതെല്ലാം ന്യൂനപക്ഷവിഭാഗങ്ങൾക്ക് എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(ഇ) എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ;<br>(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ; | (ഡി) യും (ഇ) യും (എഫ്) ഉം | ന്യൂനപക്ഷ ജനവിഭാഗങ്ങളെ പ്രത്യേകം പ്രത്യേകം തരം തിരിച്ചല്ല അടിസ്ഥാനസൗകര്യവികസനത്തിന് തുക ചെലവഴിക്കുന്നത്. |

| | | | |
|---|---|---|---|
| (ജി) | ചില പ്രത്യേക ന്യൂനപക്ഷങ്ങൾക്കു മുൻഗണന നൽകി പ്രസ്തുത തുക വിനിയോഗിച്ചുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | ഇല്ല |
| (എച്ച്) | എങ്കിൽ അപ്രകാരമുള്ള പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എച്ച്) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ